കാളിപ്പാറ പദ്ധതി

130 (727) ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ കോവളം-പാറശ്ശാല-നെയ്യാറ്റിൻകര മണ്ഡലങ്ങളിലെ ജനങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കാളിപ്പാറ പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കുമോ ;

(ബി) പദ്ധതി എന്നേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്നും സർക്കാർ എത്ര തുക അനുവദിച്ചുവെന്നും അറിയിക്കുമോ ;

ഉത്തരം

(എ). പദ്ധതിയുടെ പൊതുഘടകങ്ങളായ റോവാട്ടർ ഗ്രാവിറ്റി മെയിൻ 36 എം.എൽ.ഡി. ജല ശുദ്ധീകരണശാല, നെയ്യാർ ഡാം പരിസരത്തുള്ള ഇൻടേക്ക് സംവിധാനങ്ങൾ എന്നിവയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. റോവാട്ടർ പമ്പിംഗ് മെയിനിന്റെ വർക്ക് ഓർഡർ നൽകിക്കഴിഞ്ഞു. റോ വാട്ടർ പമ്പുസെറ്റ് സ്ഥാപിക്കുന്നതിനുള്ള എഗ്രിമെന്റ് വച്ചു. റോവാട്ടർ സമ്പ്, പമ്പ് ഹൗസ് എന്നിവയുടെ പ്രവൃത്തി പുനർ ദർഘാസ് ചെയ്യേണ്ടതുണ്ട്. പദ്ധതിയുടെ 72 കോടി രൂപ അടങ്കൽ തുകയുള്ള ട്രാൻസ്മിഷൻ മെയിൻ പണികൾ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉപരിതല സംഭരണികൾക്കാവശ്യമായ സ്ഥലം ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നൽകേണ്ടതായിട്ടുണ്ട്.

(ബി) 2013 മാർച്ചോടുകൂടി പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) 136.40 കോടി രൂപ അടങ്കൽ തുകയുള്ള പദ്ധതിക്ക് നടപ്പു സാമ്പത്തിക വർഷം 47.62 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

ജപ്പാൻ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ചേർത്തല പ്രോജക്ട്

131 (728) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതിയുടെ നിർവ്വഹണം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ ;

(ബി) ചേർത്തല പ്രോജക്ട് എന്നേക്ക് കമ്മീഷൻ ചെയ്യാനാവും ;

(സി) ഈ പദ്ധതി മന:പൂർവ്വം വൈകിക്കുന്നതിന് ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ഡി) തുടർ പ്രവർത്തനം യഥാസമയം നടത്താതെ പദ്ധതി വൈകിക്കുന്ന ഉദ്യോഗസ്ഥരുടെമേൽ അച്ചടക്ക നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ ;

LIBRARY ARCHIVES Kerala Legislative Assembly